**15 -ാം കേരള നിയമസഭ**

**2 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2164** | **30-07-2021 - ൽ മറുപടിയ്ക്ക്**

**എറണാകുളം ജില്ലയിലെ സോഷ്യൽ ഫോറസ്റ്റി പദ്ധതികൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. പി.വി. ശ്രീനിജിൻ | | Shri. A. K. Saseendran<br>(വനം-വന്യജീവി വകുപ്പ് മന്ത്രി) | |
| (എ) | എറണാകുളം ജില്ലയിൽ സോഷ്യൽ ഫോറസ്റ്റിയുടെ അഭിമുഖ്യത്തിൽ നടപ്പിലാക്കി വരുന്ന പദ്ധതികളുടെ വിശദാംശം ലഭ്യമാക്കുമോ; | (എ) | എറണാകുളം ജില്ലയിൽ സോഷ്യൽ ഫോറസ്റ്റിയുടെ ആഭിമുഖ്യത്തിൽ താഴെ പറയുന്ന പദ്ധതികൾ നടപ്പിലാക്കി വരുന്നു. 1. ഹരിത കേരളം പദ്ധതി. 2. കടൽ തീരങ്ങളുടെ സംരക്ഷണത്തിന്റെ ഭാഗമായി കാറ്റാടി നട്ടുപിടിപ്പിക്കുന്ന പദ്ധതി. 3. ഓരോ വർഷവും ജില്ലയിൽ സ്കൂളുകൾ കേന്ദ്രീകരിച്ച് വിദ്യാവനം പദ്ധതി നടപ്പിലാക്കുന്നുണ്ട്. 4. കോളേജുകൾ, സ്ഥാപനങ്ങൾ എന്നിവിടങ്ങളിലെ ഇൻസ്റ്റിറ്റ്യൂഷണൽ പ്ലാൻറിംഗ് നടത്തി വരുന്നുണ്ട്. 5. ഓരോ വർഷവും കാവ് സംരക്ഷണത്തിനുള്ള അപേക്ഷ ലഭിക്കുന്ന മുറയ്ക്ക് അർഹതയുള്ള കാവുകൾക്ക് ധനസഹായം നൽകിവരുന്നു. 6. ഓരോ വർഷവും പരിസ്ഥിതി സംരക്ഷണ മേഖലയിൽ തെരെഞ്ഞെടുത്ത ഒരാൾക്ക് വനമിത്ര പുരസ്കാരം നൽകി വരുന്നു. 7. സ്വകാര്യ വ്യക്തികളുടെ ഭൂമിയിൽ മരങ്ങൾ നട്ടുവളർത്തൽ പ്രോത്സാഹന പദ്ധതിയുടെ ഭാഗമായി ധനസഹായം നൽകിവരുന്നു. |
| (ബി) | സ്വകാര്യ ഭൂമിയിൽ വൃക്ഷം നടീൽ പ്രോത്സാഹിപ്പിക്കുന്നതിനായി ആവിഷ്കരിച്ചിരിക്കുന്ന പദ്ധതിയുടെ വിശദാംശം ലഭ്യമാക്കുമോ; | (ബി) | സ്വകാര്യ ഭൂമിയിൽ വൃക്ഷം നടീൽ പ്രോത്സാഹിപ്പിക്കുന്നതിനായി ധനസഹായ പദ്ധതി നടപ്പിലാക്കിവരുന്നു. 2020-21 സാമ്പത്തിക വർഷം 30 ഗുണഭോക്താക്കൾക്ക് ആകെ 1,53,939/- രൂപ ധനസഹായം അനുവദിച്ചിട്ടുണ്ട്. |
| (സി) | പ്രസ്തുത പദ്ധതിയിൽ ജില്ലയിൽ രജിസ്റ്റർ ചെയ്ത ഗുണഭോക്താക്കളുടെ പഞ്ചായത്ത് തിരിച്ചുള്ള കണക്ക് ലഭ്യമാക്കുമോ? | (സി) | കൂത്താട്ടുകുളം മുനിസിപ്പാലിറ്റി-2 അങ്കമാലി മുനിസിപ്പാലിറ്റി-1 രായമംഗലം ഗ്രാമപഞ്ചായത്ത്-2 മാറാടി ഗ്രാമപഞ്ചായത്ത്-5 മഞ്ഞളൂർ ഗ്രാമപഞ്ചായത്ത്-3 കല്ലൂർക്കാട് ഗ്രാമപഞ്ചായത്ത്-2 പുത്തൻകുരിശ് ഗ്രാമപഞ്ചായത്ത്-1 ആയവന ഗ്രാമപഞ്ചായത്ത്-2 മഞ്ഞപ്ര ഗ്രാമപഞ്ചായത്ത്-1 ആലങ്ങാട് ഗ്രാമപഞ്ചായത്ത്-2 പായിപ്ര ഗ്രാമപഞ്ചായത്ത്-1 ആവോലി ഗ്രാമപഞ്ചായത്ത്-2 നെല്ലിക്കുഴി ഗ്രാമപഞ്ചായത്ത്-1 കുവപ്പടി |

| | | | |
|---|---|---|---|
| | | | ഗ്രാമപഞ്ചായത്ത്-3 മൂക്കന്നൂർ ഗ്രാമപഞ്ചായത്ത്-1 അയ്യമ്പുഴ ഗ്രാമപഞ്ചായത്ത്-1 |

സെക്ഷൻ ഓഫീസർ